# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...



It is with deep sense of gratitude for the providential care of the Almighty and great appreciation for the hard work of my colleagues, that I address the well wishers of Neethi Vedhi. We started our journey in 2003 to empower the marginalized sections of society who are survivors of exploitation and abuse, especially adivasis, women and children. Human right befriending is our strategy to ensure justice and peace to our stake holders. Legal support and mediation are being used as tools to resolve conflicts.

The human right situation in our target areas today is not the same comparing to two decades ago. There are hundreds of adivasi youth who have emerged as leaders capable of taking care of the issues of their community besides their own personal needs. The women empowerment has been continuously improving. There is greater consciousness of child rights not only among students but in the larger society. It is the result of the hard work of different agencies, government departments and other organizations. Neethi Vedhi has certainly contributed in this process of human right empowerment in the society.

As Neethi Vedhi completes two decades of human right interventions, we realize that our path is far ahead. Our goals are still challenging. The situations of marginalized groups have not improved to the level we had envisioned when we initiated Neethi Vedhi. There is much more to be accomplished. It needs hard work, greater support from our well wishers and more resources. Let us strive together with more commitment to fulfill our dreams for a better tomorrow when the dignity and human rights of everyone is respected and recognized.

**Adv. Fr. Stephen Mathew**
President, Neethi Vedhi

# നീതിവേദി





എഡിറ്റോറിയൽ ബോർഡ് :
**അഡ്വ. ഫാ സ്റ്റീഫൻ മാത്യു**
**ഫ്ളൈസി ജോസ്**

ലേ ഔട്ട് & ഡിസൈനിങ്ങ് :
**ജൂബിലി അനീഷ്**



പ്രിന്റിങ്ങ് :
Creative Offset Printing
Near Canara Bank
Muttil, Wayanad - 673122
Mob: 9947872892


## ഉള്ളടക്കം


| | |
|---|---|
| നീതിവേദി | 2 |
| നിയമ സഹായം | 5 |
| അവകാശ സംരക്ഷണം | 7 |
| ആദിവാസി ശാക്തീകരണം | 12 |
| സ്ത്രീ ശാക്തീകരണം | 15 |
| യുവജന ശാക്തീകരണം | 16 |
| വിദ്യാർത്ഥി ശാക്തീകരണം | 17 |
| മറ്റ് പ്രവർത്തനങ്ങൾ | 20 |
| പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ | 26 |

# Neethi Vedhi – A Profile



Neethi Vedhi is a human right organization initiated to cater the empowerment of adivasis, women, children and other marginalized sections of the society. It was a spontaneous outcome of social and legal interventions for the victims/survivors of Muthanga incident. In 2003, around 400 landless adivasis from different parts of Wayanad district occupied Muthanga forest and started experimenting the traditional adivasi indwelling system in line with the PESA Act. Mr Geethanandhan and Ms Janu were the top leaders for this venture. It was a response to the indifference of the State Government for allotting land to the landless tribals as per the popular Adivasi Agreement in 2001. The government forcefully evicted the adivasis from Muthanga forest in 2003. As a result of the conflict between government machinery and adivasis, an adivasi elder (Mr Jogy) and a policeman (Mr Vinod) lost their life. There was widespread attack on all adivasis irrespective of their participation in the Muthanga struggle. Socially spirited organizations and individuals came together to protect the basic human rights of adivasis. Neethi Vedhi was formed as an organization at the request of social workers involved in supporting the adivasis immediately after the Muthanga struggle.

Adv. Fr. Thomas Joseph and Adv Fr. Stephen Mathew took initiative to realize the formation of Neethi Vedhi in 2003. The legal office was inaugurated in September 2003 at Kalpetta. Senior Advocate Mr T P Aravindhaksha Menon from Calicut inaugurated the legal office of Neethi Vedhi. Thereafter Neethi Vedhi is providing free legal help to adivasis, women, children and other marginalized people.

The organization was registered as per Societies Registration Act as on 24th December 2003. Prof. P J Thomas was the first President. Adv Fr Stephen Mathew was the first Secretary cum Executive Director.

Neethi Vedhi organized number of awareness programs with the support of NGOs, Kudumbasree and other organizations regarding adivasi and women friendly laws. From 2005 onwards Neethi Vedhi initiated student empowerment programs in various schools to help the students to become aware of child rights and possible child abuses. From 2013 onwards Neethi Vedhi took special interest in organizing remedial classes in selected hamlets and monthly residential camps for adivasi students. Adivasi youth were given special trainings from 2014 onwards. Cultural troupe was formed to perform street theatre in hamlets addressing issues affecting adivasis in tribal language. Documentaries were prepared to promote adivasi education, culture and traditions of Paniya community.

From 2006 onwards Neethi Vedhi is rendering the service of Psychological counselors to provide emotional support to the survivors of abuse and Domestic Violence.

From 2007 onwards Mensen Met een Missie is supporting Neethi Vedhi by providing necessary funds for the adivasi empowerment programs in Wayanad district and later in 7 districts of Kerala state. From 2012 to 2017 Neethi Vedhi had a branch office at Thodupuzha to cater the needs of Southern districts.

From 2008 onwards Neethi Vedhi is functioning as the official Service Provider recognized by Social Justice Department (at present Women and Child Development Department) to help the survivors of Domestic Violence.

After 2017 Neethi Vedhi had to limit active involvement to Wayanad and Malappuram district due to scarcity of fund support. From 2020 onwards Neethi Vedhi is functioning actively only in Wayanad district.

Neethi Vedhi has rendered great support in promoting leaders among adivasis and women. Neethi Vedhi has gained the credibility and goodwill from the marginalized groups as an organization which can be approached without fear of exploitation. The government departments have also approved the service of Neethi Vedhi, especially for adivasis and women.

The action research studies addressing serious issues of adivasis and women conducted by Neethi Vedhi helped various stake holders to initiate measures to resolve the issues affecting them. Various leaflets and handbooks were prepared and distributed at large scale regarding beneficial legislations and schemes to support adivasis, women and children.

Mediation and out of court settlements were used as strategies to resolve issues and conflicts from the very beginning of Neethi Vedhi. Cases are filed in the court only if the mediation attempts for amicable settlement between the parties fail. Public Interest Litigations (PIL) were filed in the Kerala High Court on grievous matters affecting large number of adivasis. From 2018 onwards Neethi Vedhi initiated Peace committees at Panchayat level and harmony clubs for women, youth and children to ensure peaceful coexistence between people from different religions and communities.

Neethi Vedhi continues to work relentlessly since last two decades for the protection of human rights, especially for adivasis, women and children.



# നിയമ സഹായം



നീതിവേദിയെ സമീപിക്കുന്നവർക്കും ചൂഷണങ്ങൾ സംബന്ധിച്ച വിവരം ലഭിക്കുന്നവർക്കും ആവശ്യമായ സൗജന്യ നിയമ സഹായം നൽകുന്നതിനും മീഡിയേഷനിലൂടെ പ്രശ്ന പരിഹാര സാധ്യതകൾ തേടുന്നതിനുമായി അഭിഭാ-ഷകരുടെ സേവനം നീതിവേദിയിൽ ലഭ്യമാണ്.

## നിയമബോധവൽക്കരണ ക്ലാസ്സുകൾ

ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ അവകാശങ്ങൾ സംബന്ധിച്ച നിയമങ്ങളും മറ്റ് സാധ്യതകളും എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തുകൾ, അംഗൺവാടികൾ, കുടുംബശ്രീ, ആദിവാസി സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ക്ലാസ്സുകൾ നടന്നുവരുന്നു.





# സേവനദാതാവ്

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പിന്റെ അംഗീകാരമുള്ള സേവനദാതാവെന്ന നിലയിൽ 2008 മുതൽ നീതിവേദി പ്രവർത്തിച്ചുവരുന്നു. സ്ത്രീസൗഹൃദ നിയമങ്ങളെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും നിയമസഹായവും കൗൺസിലിംഗും നൽകുകയും ചെയ്യുക എന്നത് നീതിവേദിയുടെ ചുമതലയാണ്.





# ലീഗൽ ക്ലിനിക്

ചൂഷണങ്ങൾക്കും അവകാശനിഷേധങ്ങൾക്കും ഇരകളാകേണ്ടിവരുന്നവരെ അവരുടെ ഗ്രാമങ്ങളിൽ പോയി നേരിട്ട് കണ്ട് വസ്തുതകൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ തേടാൻ സഹായിക്കുന്നവയാണ് ലീഗൽ ക്ലിനിക്കുകൾ.





# നിയമവിശേഷം

പുതിയ നിയമങ്ങളും സർക്കാർ ഉത്തരവുകളും കോടതിവിധികളും ഉൾപ്പെടുത്തിക്കൊണ്ട് നീതിവേദിയുടെ ലീഗൽ കൗൺസിലർ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ സഹായത്തോടെ അവതരിപ്പിക്കുന്ന പരിപാടി.



# അവകാശ സംരക്ഷണം

## മനുഷ്യാവകാശ ദിനാഘോഷം

അന്തർദേശീയ മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് എല്ലാ വർഷവും ശിൽപ്പശാലകളും പ്രചരണ പരിപാടികളും സംഘടിപ്പിച്ചുകൊണ്ട് മനുഷ്യാവകാശ സന്ദേശം ഏവർക്കും പകർന്നുനൽകാൻ ശ്രമിച്ചുവരുന്നു.





## ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം

ആദിവാസി സമൂഹത്തിലെ അവകാശനിഷേധങ്ങൾ സംബന്ധിച്ച് പരാതികൾ നൽകുന്നതിനും ലഭ്യമായ സർക്കാർ വികസന പദ്ധതികൾ സംബന്ധിച്ച് ധാരണകൾ ലഭിക്കുന്നതിനുമായി വിവിധ ജില്ലകളിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരും ആദിവാസി നേതാക്കളും തമ്മിൽ മുഖാമുഖ പരിപാടികൾ സംഘടിപ്പിക്കുന്നത് വഴി കൂടുതൽ വേഗത്തിൽ പ്രശ്നപരിഹാരം ഉണ്ടാകുന്നു എന്നതാണ് ഞങ്ങളുടെ അനുഭവം.





# വനാവകാശ നിയമം

ഭൂമിക്ക് വേണ്ടിയുള്ള ആദിവാസികളുടെ ദീർഘകാലത്തെ പോരാട്ടത്തോട് ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ടാണ് സർക്കാർ വനാവകാശ നിയമം നടപ്പിലാക്കിയത്. നിയമവും ബന്ധപ്പെട്ട ചട്ടങ്ങളും സംബന്ധിച്ച് അവബോധം നൽകാനും നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്താനും നീതിവേദി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.


## ഡോക്യുമെന്ററികൾ

ആദിവാസി വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള "സ്നേഹ ശാന്തി", വിവിധ ആദിവാസി ജില്ലകളിലെ വികസനപ്രതിസന്ധികൾ അവതരിപ്പിക്കുന്ന "നീതിയുടെ വഴികൾ തേടി", പണിയ സമുദായത്തിന്റെ ആചാരങ്ങളും പാരമ്പര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള "ക്നാതിക" എന്നീ ഡോക്യുമെന്ററികൾ തയ്യാറാക്കി വിവിധ സ്ഥലങ്ങളിൽ അവതരിപ്പിക്കുകയുണ്ടായി.

## മൈക്രോപ്ലാൻ സമഗ്ര പഠനം



ഊരുമൂപ്പന്മാരുടെയും ആദിവാസി സന്നദ്ധപ്രവർത്തകരുടെയും നീതിവേദി സ്റ്റാഫ് അംഗങ്ങളുടെയും കൂട്ടായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഓരോ ഊരിലും നിലനിൽക്കുന്ന സാഹചര്യങ്ങൾ വിലയിരുത്തി, ഭാവിയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾക്കായി ഊന്നൽകൊടുക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ഓരോ ഊരിലും തനതായ മൈക്രോപ്ലാൻ തയ്യാറാക്കിവരുന്നത്.



## ആക്ഷൻ റിസർച്ച്

കുടകിലെ ഇഞ്ചിപാടങ്ങളിൽ പീഡനങ്ങൾ അനുഭവിച്ച ആദിവാസികൾ, ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്, വീട്ടമ്മമാരുടെ ജോലിഭാരം, വനാവകാശ നിയമം വയനാട് ജില്ലയിൽ, ആദിവാസി ഭൂമി ലഭ്യത, പോക്സോ നിയമം വയനാട് ജില്ലയിൽ എന്നീ വിഷയങ്ങൾ സംബന്ധിച്ച ആക്ഷൻ റിസർച്ചുകൾ നടത്തി.

# സമാധാന നിർമ്മിതി

## ജില്ലാ സമാധാന ഫോറം






വിവിധ സമുദായങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരുടെയിടയിൽ പരസ്പര വിശ്വാസവും സൗഹൃദവും ശക്തിപ്പെടുത്തി തെറ്റിദ്ധാരണകളും തർക്കങ്ങളും കഴിയുന്നത്ര ഇല്ലാതാക്കി ജനങ്ങൾക്ക് ശാന്തിയും സമാധാനവും അനുഭവിക്കാൻ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുക എന്നതാണ് നീതിവേദി പീസ് ഫോറത്തിന്റെ ഉദ്ദേശം. പഞ്ചായത്ത് തലത്തിലുള്ള പീസ് കമ്മിറ്റി പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് പീസ് ഫോറം ശ്രമിച്ചു വരുന്നത്.

## സമാധാന ദിനാചരണം

ലോക സമാധാനദിനം കൊണ്ടാടിയും സമാധാനത്തിന്റെ പ്രവാചകനായ മഹാത്മാ ഗാന്ധിജിയുടെ രക്തസാക്ഷിത്വം അനുസ്മരിച്ചും വിവിധ വർഷങ്ങളിൽ പഞ്ചായത്ത് പീസ് കമ്മിറ്റികളുടെയും വനിതാ- യുവജന- വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകളുടെയും സഹകരണത്തോടെ സമാധാനദിനാചരണം എല്ലാവർഷവും നടത്തിവരുന്നു.







# മതസൗഹാർദ്ദ കൂട്ടായ്മ

വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ മത നേതാക്കളുടെ ഒത്തുചേരലും പങ്കുവെക്കലും സംഘടിപ്പിച്ചു. പരസ്പരം പരിചയപ്പെടാനും, പങ്കുവെയ്ക്കാനും, സ്നേഹവും സൗഹൃദവും വർദ്ധിപ്പിക്കാനും ഈ ഒത്തുചേരൽ കൊണ്ട് സാധിച്ചു.




# മതസൗഹാർദ്ദ ആഘോഷങ്ങൾ




പീസ് കമ്മിറ്റികളുടെയും വിവിധ സൗഹൃദ ക്ലബ്ബുകളുടെയും നേതൃത്വത്തിൽ മതസൗഹാർദ്ദ ആഘോഷങ്ങൾ സംഘടിപ്പിച്ചുവരുന്നു. നബിദിനം, ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ അവസരങ്ങൾ ഏവർക്കും ജാതിമത വ്യത്യാസങ്ങൾക്കതീതമായി ഒരുമിച്ച് വരാനും സൗഹൃദം പങ്ക് വെയ്ക്കാനുമുള്ള അവസരങ്ങളാക്കിമാറ്റാൻ ഏവരും താൽപ്പര്യപ്പെടുന്നുണ്ട്.








# തർക്ക പരിഹാരവും സമാധാന നിർമ്മിതിയും





നീതിവേദിയെ സഹായിച്ചുകൊണ്ടിരിക്കുന്ന ഏജൻസിയുടെ പരിശീലനത്തിന്റെ ഫലമായി പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും സമാധാന കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള തർക്കങ്ങളിൽ ഇടപെട്ട് പരിഹരിക്കാൻ വ്യാപകമായ ശ്രമങ്ങൾ നടത്തിവരുന്നു.

# എക്സ്പോഷർ വിസിറ്റ്








നീതിവേദിയുടെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ വിവിധ പഞ്ചായത്ത് പീസ് കമ്മിറ്റികളിൽ നിന്നും വനിത-യുവജനഹാർമണി ക്ലബ്ബുകളിൽ നിന്നും കോർ ടീം അംഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾക്കായി എക്സ്പോഷർ വിസിറ്റുകൾ സംഘടിപ്പിക്കാറുണ്ട്. വിവിധ മത കേന്ദ്രങ്ങൾ സന്ദർശിക്കുകയും മത നേതാക്കളും മതസൗഹാർദ്ദത്തിനുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളുമായി ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തു. ബന്ധങ്ങൾ വളർത്താനും കൂടുതൽ തുറവിയും ആത്മവിശ്വാസവും നേടാനും ഈ പഠനയാത്രകൾ സഹായകരമാണ്.











# ആദിവാസി ശാക്തീകരണം

## ഊരുകൂട്ടം



പരമ്പരാഗത ഊരുകൂട്ടം ആദിവാസി ജീവിതത്തിന്റെ അടിസ്ഥാന സാധ്യതയാണ്. ഓരോ സമുദായത്തിന്റെയും തനത് സംസ്ക്കാരം നിലനിർത്തിക്കൊണ്ട് വികസനപ്രക്രിയയിൽ മുന്നേറാൻ ആദിവാസി ഊരുകളെ പ്രാപ്തരാക്കുക എന്നത് നീതിവേദിയുടെ കർമ്മപരിപാടിയാണ്.

## കലാസംഘം



ആദിവാസി ജീവിതത്തിൽ കലാ ആവിഷ്ക്കാരങ്ങൾക്കുള്ള സ്വാധീനം തിരിച്ചറിഞ്ഞതുകൊണ്ടാണ് സിയാന്റെ സഹായത്തോടെ കലാജാഥയ്ക്ക് രൂപം നൽകാൻ തീരുമാനിച്ചത്. നമ്മ എരുതെ കലാസംഘം പുത്തൻപുലരിക്കുവേണ്ടിയുള്ള ആദിവാസി യുവജനങ്ങളുടെ സ്വപ്നവും പ്രതീക്ഷയുമാണ്.

ഇരുപത്തഞ്ചോളം യുവതീ-യുവാക്കൾ തെരുവു നാടകങ്ങളും നാടൻ പാട്ടുകളുമായി ആദിവാസി ഊരുകളിൽ കടന്നുചെല്ലുമ്പോൾ ലഭിക്കുന്ന പ്രതികരണങ്ങൾ ഏറെ പ്രോത്സാഹനജനകമാണ്. ആദിവാസി ജീവിതത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുവാനായി 2011 ൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വെച്ച് കലാസംഘം തെരുവു നാടകവും നാടൻ പാട്ടുകളും അവതരിപ്പിച്ചു. ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ആദിവാസികൾതന്നെ ഇടപെടുന്നു എന്നതാണ് ഈ സംരംഭത്തിന്റെ സവിശേഷത.







# നെറ്റ് വർക്ക് മീറ്റിംഗ്

നീതിവേദിയുടെ ദൗത്യം ഒറ്റപ്പെട്ടപ്രവർത്തനമല്ല. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ചൂഷണങ്ങളെ അതിജീവിക്കാൻ പരിശ്രമിക്കുന്നവർക്കും വേണ്ടി പ്രവർത്തിക്കുന്ന സംഘടനകളെയും സാമൂഹ്യ പ്രവർത്തകരെയും കണ്ണിചേർത്ത് പ്രവർത്തിക്കാൻ എപ്പോഴും ശ്രമിച്ചുവരുന്നു.

# കേരള ആദിവാസി ഫോറം



കേരളത്തിലെ ആദിവാസികളെ ജാതി-മത -രാഷ്ട്രീയ-സാമുദായിക വ്യത്യസ്ഥതകൾക്ക് അതീതമായി ഒരുമിച്ച് ചേർത്ത് അവകാശങ്ങൾക്കായി പ്രവർത്തിക്കുവാൻ വേണ്ടിയാണ് 2008 ൽ കേരള ആദിവാസി ഫോറത്തിന് തുടക്കം കുറിച്ചത്. ഫോറത്തിന്റെ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനവും നിയമ സഹായവും നൽകുക എന്നതായിരുന്നു നീതിവേദിയുടെ ചുമതല. തികച്ചും സ്വതന്ത്രമായി പ്രവർത്തിച്ചുവരുന്ന ഈ ആദിവാസി സംഘടന കൂടുതൽ വളരണമെന്ന് നീതിവേദി ആഗ്രഹിക്കുന്നു.

# ആദിവാസി മൂപ്പന്മാരുമായുള്ള അഭിമുഖം

താലൂക്ക് അടിസ്ഥാനത്തിൽ പരമ്പരാഗത ഊരുകൂട്ട സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ ആദിവാസി മൂപ്പന്മാരുടെ പദവിയും അവകാശങ്ങളും സംബന്ധിച്ച് ചർച്ചകൾ നടത്താനും ഊരുകളിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടലുകൾ നടത്താനും ഈ ഒത്തുചേരലുകൾ സഹാകരമായി തീരുന്നുണ്ട്.





# ആദിവാസി ദിനാചരണം

അന്തർ ദേശീയ ആദിവാസി ദിനമായ ആഗസ്റ്റ് 9 എല്ലാവർഷവും ആഘോഷപൂർവ്വം കൊണ്ടാടാൻ നീതിവേദി 2008 മുതൽ നേതൃത്വം നൽകി വരുന്നു. ആദിവാസി സംഘടനകൾ, മൂപ്പന്മാർ, ആദിവാസി സ്ത്രീകൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്ക് ഒരുമിച്ച് കൂടാനും ആദിവാസി ആചാരങ്ങളും പാരമ്പര്യങ്ങളും സംബന്ധിച്ച് ചർച്ചകൾ നടത്താനും തനത് കലകൾ അവതരിപ്പിക്കാനും ആദിവാസി ദിനാചരണം വേദിയൊരുക്കുന്നു.



# ഭിന്നശേഷി സർവ്വെ

2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റി, എടവക ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട ഭിന്നശേഷിക്കാരുടെ സർവ്വെ നടത്തി. ബത്തേരി ഡോൺ ബോസ്കോ കോളേജിലെ ബി എസ് ഡബ്ല്യു വിദ്യാർത്ഥികൾ സർവ്വെക്ക് നേതൃത്വം നൽകി.



# ടി.എസ്.പി. സോഷ്യൽ ഓഡിറ്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ വികസനത്തിനായി ഫണ്ടുകൾ വകയിരുത്തുന്നത് സംബന്ധിച്ചും ചെലവഴിക്കുന്നത് സംബന്ധിച്ചും പഞ്ചായത്തുകളുടെയും ഊരുകളുടെയും അടിസ്ഥാനത്തിൽ പൊതുജനങ്ങളെയും പ്രത്യേകിച്ച് ആദിവാസി സമൂഹാംഗങ്ങളെയും ഉൾപ്പെടുത്തി വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തുകയുണ്ടായി. അതിലെ കണ്ടെത്തലുകൾ ഏറെ അത്ഭുതപ്പെടുത്തുന്നവയായിരുന്നു.

# സ്ത്രീശാക്തീകരണം



## വനിതാ ക്ലബ്ബുകൾ

ഒരു പ്രദേശത്തെ വനിതകൾക്ക് ജാതി-മത-വ്യത്യാസങ്ങൾക്കതീതമായി ഒരുമിച്ച് വരാനും പരസ്പരം പങ്കുവെയ്ക്കാനും സൗഹൃദം പോഷിപ്പിക്കാനും മാനസിക ഉല്ലാസത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാനുമായി വനിതാ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.



## അന്തർദേശീയ വനിതാ ദിനാചരണം

സ്ത്രീകളുടെ പദവിയും അധികാരവും അവകാശങ്ങളും ഉയർത്തിപ്പിടിച്ചു കൊണ്ട് വിവിധ സംഘടനകളുമായി സഹകരിച്ച് എല്ലാവർഷവും വനിതാദിനാചരണം നടത്തിവരുന്നു. സ്ത്രീകളുടെ കൂട്ടായ്മയിൽ പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനും സ്ത്രീ പുരുഷ ബന്ധം കൂടുതൽ തുല്യതയുടെയും പങ്കാളിത്വത്തിന്റെയും ചൈതന്യത്തിൽ വളർത്താനും വനിതാദിനാചാരണം ഏറെ സഹാകരമാണ്.













# യുവജന ശാക്തീകരണം

## യുവജന സൗഹൃദ ക്ലബ്ബുകൾ

വിവിധ മതങ്ങളിലും സമുദായങ്ങളിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും ഭാഗമായ യുവജനങ്ങളെ ഒരുമിച്ച് ചേർത്ത് ആത്മവിശ്വാസവും നേതൃത്വപാഠവവും വർദ്ധിപ്പിച്ച് സൗഹൃദത്തിലും കൂട്ടായ്മയിലും ജീവിക്കുവാൻ യുവജനങ്ങളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെയാണ് പ്രാദേശിക തലങ്ങളിൽ യുവജന സൗഹൃദ ക്ലബ്ബുകൾ ആരംഭിച്ചിരിക്കുന്നത്.










## കതിർ

ആദിവാസി യുവജനങ്ങൾക്ക് പുതിയ സാധ്യതകളും തൊഴിൽ അവസരങ്ങളും പരിചയപ്പെടുത്താനും അറിവും ആത്മവിശ്വാസവും നേതൃത്വപാടവവും വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് കതിർ. ആദിവാസി യുവജനങ്ങളിലൂടെ സാമൂഹ്യമാറ്റം സാധ്യമാകുമെന്ന് നീതിവേദിക്ക് ഉറച്ച വിശ്വാസമുണ്ട്.






# വിദ്യാർത്ഥി ശാക്തീകരണം













## വിദ്യാർത്ഥി സൗഹൃദ ക്ലബുകൾ

ജീവിത സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും തങ്ങളിലെ പ്രതിഭ കണ്ടെത്താനും വ്യത്യസ്ഥ മതങ്ങളെയും സംസ്ക്കാരങ്ങളെയും ആദരിക്കാനും അംഗീകരിക്കാനും കുട്ടികളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രാദേശിക തലങ്ങളിൽ വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകൾക്ക് രൂപം നൽകിയിരിക്കുന്നത്.

## കനൽ

ചാരം മൂടിയ കനൽപോലെ ആദിവാസികുട്ടികളുടെ മനസ്സിന്റെ ഉലയിൽ മറഞ്ഞുക്കിടക്കുന്ന കഴിവുകളെ കണ്ടെത്തി അവർക്കാവശ്യമായ പരിശീലനം നൽകുന്ന പരിപാടിയാണ് കനൽ. കലാനൈപുണ്യവും, നേതൃത്വപാടവവും, മൂല്യബോധവുമുള്ള പ്രതിഭകളായി ആദിവാസികുട്ടികളെ വളർത്തിയെടുക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.







# ഉണർവ്വ് - ആദിവാസി പഠനക്കളരി







ആദിവാസി കുട്ടികളുടെ സ്കൂളുകളിൽ നിന്നുള്ള ക്രമാതീതമായ കൊഴിഞ്ഞുപോക്കിനുള്ള പ്രതികരണമായിട്ടാണ് തിരഞ്ഞെടുക്കപ്പെട്ട ആദിവാസി ഊരുകളിൽ പഠനക്കളരികൾ ആരംഭിച്ചത്. വിദ്യാഭ്യാസത്തിന്റെ മഹത്വവും ആവശ്യകതയും പുതിയ തലമുറയ്ക്ക് മനസ്സിലാക്കി കൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ സംരംഭം.

# കൊഴിഞ്ഞുപോക്ക് സംബന്ധിച്ച പഠനം

വിദ്യാഭ്യാസത്തിലൂടെ മാത്രമേ ആദിവാസി വിമോചനം സാധ്യമാകൂ എന്ന് അനുഭവത്തിലൂടെ ബോധ്യമായിട്ടുണ്ട്. വിവിധ കാരണങ്ങൾക്കൊണ്ട് സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്ന ആദിവാസി വിദ്യാർത്ഥികളെ സംബന്ധിച്ച് നടത്തിയ പഠനം ആദിവാസികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകൾക്കും ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്കും സാമൂഹ്യ പ്രവർത്തകർക്കും ഏറെ തിരിച്ചറിവുകൾ നൽകാൻ സഹായകരമായി.

# പോക്സോ



കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളെ പ്രതിരോധിക്കാനും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കാനും ബോധവൽക്കരണവും കൗൺസിലിംഗും നൽകുകയും ബന്ധപ്പെട്ട അധികാരികളെ അറിയിക്കാനും നീതിവേദി പ്രവർത്തകർ ബദ്ധശ്രദ്ധരാണ്.

# മറ്റ് പ്രവർത്തനങ്ങൾ

## സ്റ്റാഫംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ



മാറുന്ന സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി ഗുണപരമായ സേവനം ചെയ്യാൻ സ്റ്റാഫ് അംഗങ്ങളെ ഒരുക്കുന്നതിന് വേണ്ടി വിവിധ അവസരങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. നിയമങ്ങളും സർക്കാർ പദ്ധതികളും പരിചയപ്പെടാനും സാന്ത്വനശുശ്രൂഷയിൽ പ്രാവീണ്യം നേടാനും ഈ പരിശീലനം സഹായകരമാകുന്നു.

## പരിഹാര

മാനസിക സംഘർഷവും അവകാശങ്ങൾക്കായി പൊരുതാനുള്ള കരുത്തില്ലായ്മയും അനുഭവിക്കുന്നവർക്കും ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാക്കപ്പെട്ടവർക്കും സാന്ത്വനവും ശക്തിയും പകരാനും പ്രതിസന്ധികളിൽ പിന്തുണയേകാനുമായി സാന്ത്വന സൗഹൃദ ഇടപെടൽ (Human Right befriending) നടത്തുന്ന നീതിവേദിയുടെ കൗൺസിലിംഗ് വിഭാഗം.



# കോർ ടീം വോളണ്ടിയേഴ്സ്





നീതിവേദി സ്റ്റാഫ് അംഗങ്ങളുടെ എണ്ണം പരിമിതമായതുകൊണ്ട് കൂടുതൽ മേഖലകളിൽ എത്തിച്ചേരാനും പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്താനും ലക്ഷ്യം വെച്ചുകൊണ്ട് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ കോർ ടീം വോളണ്ടിയേഴ്സിനെ കണ്ടെത്തുകയും അവർക്ക് വിവിധ അവസരങ്ങളിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നു.

# ഡോക്യുമെന്റേഷൻ

ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ, നിയമസംവിധാനങ്ങൾ, പരിസ്ഥിതി തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പുസ്തകങ്ങൾ, ലേഖനങ്ങൾ, ഫോട്ടോകൾ, മറ്റ് രേഖകൾ എന്നിവ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് സൂക്ഷിച്ച് വെയ്ക്കുന്നു. പഠനത്തിനും ഗവേഷണങ്ങൾക്കും സഹായകമാകുന്ന ഒരു റിസോഴ്സ്സെന്ററായി നീതിവേദി ഉപയോഗപ്രദമാകണം എന്നതാണ് ഞങ്ങളുടെ ആഗ്രഹം.





# പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ



2018 – 2019 വർഷങ്ങളിൽ വയനാടിനെ ഗുരുതരമായി ബാധിച്ച പ്രളയത്തിന്റെ ഇരകൾക്ക് സാധ്യമായ സഹായങ്ങൾ നൽകാനും കരുത്ത് പകരാനും വിവിധ സംഘടനകളുടെ സഹായത്തോടെ നീതിവേദി കാര്യമായ ഇടപെടലുകൾ നടത്തുകയുണ്ടായി.







# കോവിഡ് പ്രതിരോധ ഇടപെടലുകൾ

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസറത്ത്, മെൻസെൻമെറ്റ് ഈൗൻ മിസ്സീ നൽകിയ സഹായം ഉപയോഗിച്ച് കോവിഡ് പ്രതിസന്ധിയിൽ ബുദ്ധിമുട്ട് അനുഭവിച്ച ആദിവാസികൾ ഉൾപ്പെടെയുള്ള ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്നവർക്ക് പഞ്ചായത്ത് പീസ് കമ്മിറ്റികളിലൂടെ ആവശ്യമായ സഹായം നൽകാൻ സാധിച്ചു.











# നീതിവേദി പ്രസിദ്ധീകരണങ്ങൾ, ലഘുലേഖകൾ

ജനാധിപത്യ സംവിധാനത്തിൽ പൗരന്മാർക്ക് സ്വാതന്ത്ര്യവും സുരക്ഷിതത്വവും ഉറപ്പു നൽകുന്നത് ഭരണഘടനയും നിയമങ്ങളുമാണ്. അനുഷ്യാവകാശ ധ്വംസനങ്ങളിലും ചൂഷണങ്ങളിലും പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ സംരക്ഷിക്കുന്നതിന് വേണ്ടി നാളിതുവരെ നീതിവേദി നിയമപരമായി ഇടപെടലുകളും ബോധവൽക്കരണ പരിപാടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. നീതി ഔദാര്യമല്ല അവകാശമാണ് എന്ന ആപ്തവാക്യത്തിലൂടെ ജനങ്ങൾക്ക് വേണ്ടി അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ മനുഷ്യാവകാശ നിയമ പുസ്തകങ്ങൾ, ലഘുലേഖകൾ, ന്യൂസ് ബുള്ളറ്റിൻ മുതലായവ പ്രസിദ്ധീകരിച്ച് ജനങ്ങളിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു.

നിയമവഴികളിലൂടെ എന്ന പേരിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ, സർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനം, മൗലിക പൗരാവകാശങ്ങൾ തുടങ്ങിയ ഇരുപതോളം നിയമങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്നു. ദേശീയ വനിതാ-കമ്മീഷൻ, കേരളത്തിലെ ആദിവാസികൾ, ആദിവാസി ക്ഷേമ പദ്ധതികൾ എന്നിവയെ സംബന്ധിച്ചുള്ള വിവരണങ്ങളുമുണ്ട്. തദ്ദേശ ജനതയുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപനം, സ്ത്രീകൾക്ക് വേണ്ടിയുള്ള സംരക്ഷണ നിയമങ്ങൾ, വിവരാവകാശ നിയമം, ഊരുകൂട്ടം എന്നിവ നീതിവേദി പുറത്തിറക്കിയ കൈപ്പുസ്തകങ്ങളാണ്. ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012, കുട്ടികളുടെ അടിസ്ഥാന അവകാശങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ പീഡനനിയമം 1989, വനാവകാശ നിയമം, ഗാർഹിക നിരോധനനിയമം, വിവരാവകാശ നിയമം മുതലായ ലഘുലേഖകൾ പ്രസിദ്ധീകരിച്ച് ജനങ്ങളുടെ കൈകളിലെത്തിക്കുന്നു.

## ഇ - ബുള്ളറ്റിൻ

നീതിവേദിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകൾക്ക് അറിയാനായി 2021 ഏപ്രിൽ മാസം മുതൽ പ്രതിമാസ ഇ- ബുള്ളറ്റിൻ തയ്യാറാക്കി വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെയും നീതിവേദി വെബ്സൈറ്റിലൂടെയും പങ്കുവെയ്ക്കുന്നു.

# ഗവേർണിംഗ് ബോഡി അംഗങ്ങൾ



**അഡ്വ. ഫാ. സ്റ്റീഫൻ മാത്യു**
പ്രസിഡന്റ്



**കെ. മിനി**
വൈസ് പ്രസിഡന്റ്



**ഫ്ളൈസി ജോസ്**
സെക്രട്ടറി



**ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ**
ജോയിന്റ് സെക്രട്ടറി



**അഡ്വ. ജോമോൾ ജോയി**
ട്രഷറർ



**അഡ്വ. ഫാ. തോമസ്**
മെമ്പർ



**അഡ്വ. മരിയ**
മെമ്പർ



**കെ.ഐ. തോമസ്**
മെമ്പർ



**ഇ.ജി. ജോസഫ്**
മെമ്പർ

# സ്റ്റാഫ് അംഗങ്ങൾ



**ഫ്ളൈസി ജോസ്**
ഡയറക്ടർ



**അഡ്വ. ജോമോൾ ജോയി**
ലീഗൽ കൗൺസിലർ



**അനീഷ് ബാബു**
അഡ്വക്കേറ്റ് ക്ലർക്ക്



**ജൂബിലി അനീഷ്**
ഓഫീസ് അസിസ്റ്റന്റ്



**സൂര്യ എസ് ബിനു**
കൗൺസിലർ



**ജ്യോതിഷ് കുമാർ**
കോർഡിനേറ്റർ



**വത്സ ദേവസ്യ**
ഫീൽഡ് വർക്കർ



**മിനി സാജു**
ഫീൽഡ് വർക്കർ



**ഇന്ദുലേഖ**
ഫീൽഡ് വർക്കർ

# പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

## 2003 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെ

| നമ്പർ | പ്രവർത്തനം | ആകെ |
|---|---|---|
| 1 | നീതിവേദി ഓഫീസ് സന്ദർശിച്ചവർ | 19469 |
| 2 | നീതിവേദി സന്ദർശിച്ച ആദിവാസികൾ | 6509 |
| 3 | നീതിവേദി സന്ദർശിച്ച സ്ത്രീകൾ | 12960 |
| 4 | നീതിവേദി പ്രവർത്തകർ സന്ദർശിച്ച ആദിവാസി കുടുംബങ്ങൾ | 47792 |
| 5 | നീതിവേദിയിൽ ലഭിച്ച ഗാർഹിക അതിക്രമങ്ങൾക്കെതിരെയുള്ള പരാതികൾ | 1370 |
| 6 | പരിഹരിച്ചത് | 1348 |
| 7 | നിയമ സഹായം നൽകിയത് | 10317 |
| 8 | കോടതിയിൽ ഫയൽ ചെയ്ത കേസുകൾ | 1036 |
| 9 | ഓഫീസിൽ വെച്ച് ഫാമിലി കൗൺസിലിംഗ് നൽകിയത് | 4173 |
| 10 | ഫീൽഡിൽ വെച്ച് കൗൺസിലിംഗ് നൽകിയത് | 948 |
| 11 | കൗൺസലിംഗ് മുഖേന പരിഹരിച്ച പ്രശ്നങ്ങൾ | 2860 |
| 12 | ഹൈക്കോടതിയിൽ സമർപ്പിച്ച പൊതുതാൽപ്പര്യ ഹരജികൾ | 4 |
| 13 | വിവിധ സർക്കാർ ഓഫീസുകളിൽ സമർപ്പിച്ച പരാതികൾ | 3320 |
| 14 | വിവരാവകാശ അപേക്ഷകൾ തയ്യാറാക്കി നൽകിയത് | 118 |
| 15 | നീതിവേദി ഓഫീസ് സന്ദർശിച്ച കോളേജ് വിദ്യാർത്ഥികൾ | 1302 |
| 16 | നീതിവേദിയിൽ ഇന്റേൺഷിപ്പിന് വന്ന വിദ്യാർത്ഥികൾ | 128 |
| 17 | ആദിവാസികൾക്ക് വേണ്ടി നടത്തിയ ബോധവൽക്കരണ പരിപാടികൾ | 413 |
| 18 | പങ്കെടുത്ത ആദിവാസികൾ | 22316 |
| 19 | വനിതകൾക്കുവേണ്ടി നടത്തിയ ബോധവൽക്കരണ പരിപാടികൾ | 759 |
| 20 | പങ്കെടുത്ത വനിതകൾ | 33065 |
| 21 | കുട്ടികൾക്കുവേണ്ടി നടത്തിയ ബോധവൽക്കരണ പരിപാടികൾ | 222 |
| 22 | പങ്കെടുത്ത കുട്ടികൾ | 22061 |
| 23 | കലാസംഘം പരിപാടികൾ | 22 |
| 24 | നീതിവേദി സ്റ്റാഫ് അംഗങ്ങൾക്കായുള്ള പരിശീലന പരിപാടികൾ | 31 |
| 25 | പരിശീലന പരിപാടികളിൽ പങ്കെടുത്ത സ്റ്റാഫ് അംഗങ്ങൾ | 233 |
| 26 | ആദിവാസി നേതാക്കൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടികൾ | 30 |
| 27 | പങ്കെടുത്ത ആദിവാസി നേതാക്കൾ | 1972 |
| 28 | കോർ ടീം അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച പരിശീലന പരിപാടികൾ | 68 |
| 29 | പങ്കെടുത്ത കോർ ടീം അംഗങ്ങൾ | 1691 |
| 30 | പീസ് കമ്മിറ്റി അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച പരിശീലന പരിപാടികൾ | 19 |
| 31 | പങ്കെടുത്ത പീസ് കമ്മിറ്റി അംഗങ്ങൾ | 842 |
| 32 | യുവജനങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച പരിശീലന പരിപാടികൾ | 47 |
| 33 | പങ്കെടുത്ത യുവജനങ്ങൾ | 1219 |
| 34 | വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടികൾ | 8 |
| 35 | പങ്കെടുത്ത വിദ്യാർത്ഥികൾ | 239 |
| 36 | എസ്.ടി. പ്രൊമോട്ടർമാർക്കായുള്ള പരിശീലന പരിപാടികൾ | 7 |
| 37 | പങ്കെടുത്ത എസ്.ടി. പ്രൊമോട്ടർമാർ | 137 |
| 38 | ലീഗൽ ക്ലിനിക്കുകൾ | 149 |

| | | |
|---|---|---|
| 39 | ലീഗൽ ക്ലിനിക്കുകളിൽ ലഭിച്ച പരാതികൾ | 3261 |
| 40 | മീഡിയ നെറ്റ് വർക്ക് മീറ്റിംഗുകൾ | 4 |
| 41 | പങ്കെടുത്തവർ | 156 |
| 42 | സ്റ്റാഫ് റിവ്യൂ മീറ്റിംഗുകൾ | 234 |
| 43 | ഗവൺമെന്റ് ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം പരിപാടി | 17 |
| 44 | മതസൗഹാർദ്ദ പരിപാടികൾ | 87 |
| 45 | പങ്കെടുത്തവർ | 2009 |
| 46 | പീസ് കമ്മിറ്റികൾ | 31 |
| 47 | നെറ്റ്വർക്ക് മീറ്റിംഗുകൾ | 13 |
| 48 | കനൽ ക്യാമ്പ് | 52 |
| 49 | പങ്കെടുത്തവർ | 670 |
| 50 | ഉണർവ്വ് ട്യൂഷൻ സെന്ററുകൾ | 62 |
| 51 | ഉണർവ്വ് ട്യൂഷൻ സെന്ററുകളിലെ കുട്ടികളുടെ എണ്ണം | 1242 |
| 52 | കതിർ യുവജന പരിശീലന പരിപാടി | 22 |
| 53 | പങ്കെടുത്തവർ | 355 |
| 54 | ആദിവാസി യുവജനങ്ങൾക്കായി ഉദ്യോഗാർത്ഥി സംഗമം | 2 |
| 55 | പങ്കെടുത്തവർ | 164 |
| 56 | സ്ത്രീ സൗഹൃദ ക്ലബ്ബുകൾ | 28 |
| 57 | സ്ത്രീ സൗഹൃദ ക്ലബ്ബുകളിലെ അംഗങ്ങൾ | 590 |
| 58 | യുവജന സൗഹൃദ ക്ലബ്ബുകൾ | 56 |
| 59 | യുവജന സൗഹൃദ ക്ലബ്ബുകളിലെ അംഗങ്ങൾ | 1106 |
| 60 | വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകൾ | 63 |
| 61 | വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകളിലെ അംഗങ്ങൾ | 1990 |
| 62 | സൗഹൃദ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്തിയ ആഘോഷങ്ങൾ | 32 |
| 63 | ആദിവാസി ദിനാചരത്തിൽ പങ്കെടുത്തവർ | 4754 |
| 64 | വനിതാ ദിനാചരണം | 18 |
| 65 | പങ്കെടുത്തവർ | 624 |
| 66 | മനുഷ്യാവകാശ ദിനാചരണം | 5 |
| 67 | പങ്കെടുത്തവർ | 936 |
| 68 | സമാധാന ദിനാചരണം പങ്കെടുത്തവർ | 1300 |
| 69 | ശിശുദിനാഘോഷം | 2 |
| 70 | പങ്കെടുത്തവർ | 190 |
| 71 | വിവരാവകാശ ക്ലിനിക്കുകൾ | 53 |
| 72 | പങ്കെടുത്തവർ | 1663 |
| 73 | റേഷൻ കാർഡ് ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 999 |
| 74 | തൊഴിലുറപ്പ് കാർഡ് ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 130 |
| 75 | ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 338 |
| 76 | പെൻഷൻ ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 469 |
| 77 | സ്ഥലം ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 610 |
| 78 | സ്ഥലത്തിന്റെ രേഖ ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 179 |
| 79 | വീട് ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 446 |
| 80 | വീട് റിപ്പയറിംങിന് ഫണ്ട് ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 868 |

| | | |
|---|---|---|
| 81 | മെഡിക്കൽ സഹായം ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 494 |
| 82 | വിദ്യാഭ്യാസ സഹായം ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 109 |
| 83 | കുടിവെള്ളം ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 1554 |
| 84 | റോഡ് ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 413 |
| 85 | സ്ട്രീറ്റ് ലൈറ്റ് ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 8 |
| 86 | ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്നതിനായി ഇടപെടൽ നടത്തിയത് | 32 |
| 87 | കോവിഡ് - സാമ്പത്തിക സഹായം നൽകിയ കുടുംബങ്ങളുടെ എണ്ണം | 7251 |
| 88 | ആശ്വാസ് നിധി - ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായവർക്കുള്ള സർക്കാരിന്റെ ധനസഹായം വാങ്ങിനൽകിയത് | 45 |
| 89 | ആദിവാസി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അഡ്മിഷൻ ലഭിക്കാൻ ഇട പെടൽ നടത്തിയത് | 29 |
| 90 | പഞ്ചായത്തുതല സോഷ്യൽ ഓഡിറ്റ് നടത്തിയത് | 8 |
| 91 | ഊര് തല മൈക്രോപ്ലാൻ തയ്യാറാക്കിയത് | 34 |
| 92 | ഗവേഷണ പഠനം | 5 |
| 93 | ഡോക്യുമെന്ററികൾ | 3 |
| 94 | നിയമ വിശേഷം റേഡിയോ പ്രോഗ്രാം | 47 |
| 95 | പത്രവാർത്തകൾ നൽകിയത് | 273 |
| 96 | ചാനൽ വാർത്തകൾ നൽകിയത് | 90 |
| 97 | നമ്മ എരുതെ ബുള്ളറ്റിൻ | 12 |
| 98 | ലഘുലേഖകൾ തയ്യാറാക്കിയത് | 9 |
| 99 | ന്യൂസ് ബുള്ളറ്റിൻ | 18 |



സിജു സി മീന

# എങ്കള മാറ്റം

(പണിയ ഗോത്ര ഭാഷ)

നെണ്ടു ചുട്ട മണം കാണി പിരലി..!
കൊയ്മെ മീനു കറി കാണി പിരലി..!
താളുകറി ചൊറിയുമ്പോ–മൊട്ടമാരുക്കു
കള്ളികറി പള്ളെകടി വരുത്തുമ്പോ–മൊടത്തിമാരുക്കു
'അൽഫാം മന്തി' മണം പുകയിഞ്ചോ പിരലി..!

അടുപ്പിലിക്കു കോലു കാണി കാട്ടിലി..!
ചുടലയ്ക്കു മണ്ണു കാണി കാട്ടിലി..!
ഫോറസ്സുക്കാരു ചുട്ടുക്കാവരു പോയല..
ചാച്ചപ്പെ മുട്ടിലിളച്ചു കിരയിഞ്ചു..

കമ്പിതിരി കണക്ക പുള്ളെ ചിരിച്ചു
വിഷു കമ്പിതിരി വാങ്കുവാ കുങ്കിക്കു
പൈച്ചെ കാണി..

മൊട്ടമാരും മൊട്ടത്തിമാരും കൊലായിമ്പേ
'പബ്ജി' കളിക്കിഞ്ചരു..!!
കുങ്കിയും ചാച്ചപ്പെനും പിരലി കിരയിഞ്ചരു..!!

# ഞങ്ങളുടെ മാറ്റം


(മലയാള പരിഭാഷ)

ഞണ്ട് ചുട്ട മണമില്ല കുടിലിൽ..!
കൊയ്മ മീൻ കറിയില്ല കുടിലിൽ..!
താള് കറി ചൊറിയുമീ യുവാക്കൾക്ക്
മുളങ്കൂമ്പുപ്പേരി വയറിളക്കുമീ യുവതികൾക്ക്
'അൽഫാം മന്തി' മണം രമിക്കുന്നീ കുടിലിൽ..

അടുപ്പിലേക്ക് വിറകില്ല കാട്ടിൽ..!
ചുടലയ്ക്ക് മണ്ണില്ല കാട്ടിൽ..!
പോയെങ്കിൽ ചുട്ടീടും വനപാലകർ
ഉത്തപ്പൻ മുട്ടിലിരുന്നു കേഴുന്നു..

പൂത്തിരി പോലവെ കുഞ്ഞ് ചിരിച്ചു
വിഷു പൂത്തിരി വാങ്ങീടാൻ
കുങ്കിക്ക് പണമില്ല..

യുവതി–യുവാക്കൾ തിണ്ണയിൽ
'പബ്ജി' കളിക്കുന്നു..!
കുങ്കിയും ഉത്തപ്പനും കുടിലിൽ കേഴുന്നു..!!



**NEETHI VEDHI**
സുധിക്കവല, കാക്കവയൽ പി.ഒ
കൽപ്പറ്റ നോർത്ത്, വയനാട് – 673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org